പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2419 19.07.2016-ൽ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി യുടെ പ്രതിദിനവരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പാറക്കൽ അബ്ദുള്ള | | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പു മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി യുടെ പ്രതിദിന വരുമാനം ഇപ്പോൾ ശരാശരി എത്ര രൂപയാണ്; | (എ) | 2016 ജൂൺ മാസത്തിലെ കണക്ക് പ്രകാരം കെ.എസ്.ആർ.ടി.സി.യുടെ പ്രതിദിന വരുമാനം ശരാശരി 4,70,38,486/- (നാല് കോടി എഴുപത് ലക്ഷത്തി മുപ്പത്തി എണ്ണായിരത്തി നാന്നൂറ്റി എൺപത്തി ആറ് രൂപ മാത്രം) |
| (ബി) | പ്രതിദിനവരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ഇപ്പോൾ എന്തെങ്കിലും പുതിയ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ; | (ബി) യും (സി) യും | കെ.എസ്.ആർ.ടി.സി ബസുകളിൽ ഡീസലിനു പകരം സി.എൻ.ജി ഉപയോഗിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. മെച്ചപ്പെട്ട വരുമാനം ലഭിച്ചുകൊണ്ടിരുന്ന ചെയിൻ സർവ്വീസുകൾ കാര്യക്ഷമമായി നടത്തുവാൻ കഴിയാത്തതുമൂലം സംസ്ഥാനത്തിനകത്ത് സർവ്വീസ് നടത്തുന്നവയിൽ നിന്നും ലഭിക്കുന്ന വരുമാനത്തിൽ കാര്യമായ കുറവ് അനുഭവപ്പെടുന്നുണ്ട്. വരും ദിവസങ്ങളിൽ കൂടുതൽ പുതിയ ബസ്സുകൾ ലഭ്യമാക്കി ചെയിൻ സർവ്വീസുകൾ കാര്യക്ഷമമാക്കിയും നഷ്ടത്തിൽ ഓപ്പറേറ്റ് ചെയ്യുന്ന ഷെഡ്യൂളുകൾ പുനഃക്രമീകരിച്ചും വരുമാന നഷ്ടം ഒരു പരിധി വരെ ഒഴിവാക്കാൻ കഴിയുമെന്ന് കരുതുന്നു.<br>മേൽ സംവിധാനങ്ങൾ നിലവിൽ വരുന്ന മുറയ്ക്ക് മാത്രമേ ഇവയിൽ നിന്നുള്ള പ്രതിദിന വരുമാനം കൃത്യമായി കണക്കാക്കാൻ സാധിക്കുകയുള്ളൂ. |
| (സി) | എങ്കിൽ ഇതുവഴി പ്രതിദിനവരുമാനം എത്ര രൂപയാക്കി വർദ്ധിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ? | | |

സെക്ഷൻ ഓഫീസർ